**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6293 07.11.2016 ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി.ക്യാമറകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ ആർ.റ്റി.ഒ/സബ് ആർ.റ്റി ഓഫീസുകളിലും നാല് മേജർ ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനായി M/s കെൽട്രോൺ ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസൽ മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനായുള്ള ഫാസ്റ്റ് മോണിട്ടറിങ് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയത്. 2.31 കോടി രൂപ ചെലവിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതി സാങ്കേതിക കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പുതുക്കുകയും സംസ്ഥാനത്തെ മുഴുവൻ ചെക്ക് പോസ്റ്റുകളിലും ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനു പുതുക്കിയ പ്രൊപ്പോസൽ കെൽട്രോൺ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സാങ്കേതിക കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ സാങ്കേതിക കമ്മിറ്റിയിൽ പങ്കെടുത്ത ടെക്നിക്കൽ എക്സാമിനർ (ഫൈനാൻസ്) ന്റെ നിർദ്ദേശാനുസരണം പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലുമാണ് ഇവ സ്ഥാപിക്കുന്നത്; വിവരിക്കുമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ/സബ് ആർ.ടി.ഒ ഓഫീസുകളിലും, മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുക വഴി ചെക്ക് പോസ്റ്റിലെയും, ഓഫീസിലെയും പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ആയതുവഴി അഴിമതി നടത്താനുള്ള സാധ്യത ഇല്ലാതാക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ